LIBRARY ARCHIVES Kerala Legislative Assembly

ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ്

110 [1316] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾ ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നു എന്ന് അറിയിക്കാമോ ;

(ബി) അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഇവയിൽ എത്രയെണ്ണം സർവ്വീ നിർത്തിവെച്ചിരിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) പഴയ ബോട്ടുകൾക്കുപകരം പുതിയ ഫൈബർ ബോട്ടുകൾ വാങ്ങുന്ന നടപ ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ ;

(ഡി) നിറുത്തിവച്ച ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് അടിയന്ത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 47 ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇപ്രകാരം ഒരു സർവ്വീസും നിർത്തിവെച്ചിട്ടില്ല.

(സി) പുതുതായി 8 സ്റ്റീൽ ബോട്ടുകൾ സർവ്വീസിനിറക്കി. നിർമ്മാണത്തിലിരിക്കു ഫൈബർ ബോട്ടുകൾ ഉടനെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അത്യാവശ്യം വേണ്ട ബോട്ട് സർവ്വീസുകൾ നിർത്തിവച്ചിട്ടില്ല. പുതി റോഡുകളും പാലങ്ങളും വന്നതിനാൽ യാത്രക്കാരില്ലാത്തതുമൂലം നിർത്തിവച്ച ബോട്ടുക പുനരാരംഭിക്കാൻ ഉദ്ദേശമില്ല.

വളപട്ടണം-മാഹി ജലപാത

111 [1317] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾ ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളപട്ടണം-മാഹി ജലപാതയ്ക്ക് സർക്കാരിന്റെ അംഗീകാരം ലഭിച്ചുവോ പ്രസ്തുത ജലപാതയുടെ ദൈർഘ്യം എത്ര ;

(ബി) പ്രസ്തുത ജലപാതയുടെ പ്രവർത്തനം എപ്പോൾ തുടങ്ങുവാൻ സാധിക്ക എന്നറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. ഇതിന്റെ ദൈർഘ്യം 58.51 കിലോമീറ്ററാണ്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന്റെ അംഗീകാ കിട്ടിയതിനുശേഷം മാത്രമേ പദ്ധതിയുടെ പണി തുടങ്ങുവാൻ സാധിക്കുകയുള്ളു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)